# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുദാക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP 12/361/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP 12/361/2023 തീയ്യതി: 25/03/2023

## തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.കെ.പി. അനില കുമാരി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മേരി ഷൈനി.ടി.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 12-11-2021 |
| ശ്രീമതി. വസുന്ധരാദേവി.എൽ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ഡോ.ബിസിനി.എസ് | മെഡിക്കൽ ഓഫിസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. അമൃത | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.കെ.പി. അനിലകുമാരി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ശ്യാമപ്രസാദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.പി.ബി. പ്രദീപ് കുമാർ | മെഡിക്കൽ ഓഫിസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.ജസ്മി. വൈ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. വിനീത.എൻ | മെഡിക്കൽ ഓഫിസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. സുബി സുകുമാരൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജഹാൻ.എൽ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രഭുലാൽ.ആർ.എസ് | ഡെയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ. വിഷ്ണു.എസ്. രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം | 1-3-1 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമപദ്ധതികൾ | 1-5 |
| 8 | മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നു | 1-5-1 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതികൾ | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | തൊഴിൽ നികുതി-സ്ഥാപന രജി സ്റ്റർ -പൂർണ്ണമല്ല | 1-10- |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-10-1 |
| 15 | ഹാളുകൾ-ഓഡിറ്റോറിയങ്ങൾ-സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-10-2 |
| 16 | മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല - അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. | 1-11 |
| 17 | തെരുവ് വിളക്കുകളുടെ പരിപാലനം-അപാകങ്ങൾ | 1-12 |
| 18 | വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കിയില്ല. | 1-13 |
| 19 | ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല, | 1-14 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 21 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-16 |
| 22 | വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ തുടർനടപടി സ്വീകരിക്കണം | 1-17 |
| 23 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-18 |
| 24 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ -438686/-രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 25 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1 ബജറ്റ്

സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ്, ചെലവുകളുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുൻപ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതതു വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ് വകുപ്പ് 214(1).

19.2.2021 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതി അംഗീകരിച്ചു. ബജറ്റ് വിവരങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,27,74,671/- രൂപ |
| വരവ് | 25,83,02,400/- രൂപ |
| ആകെ | 27,10,77,071/- രൂപ |
| ചെലവ് | 25,87,65,400/- രൂപ |
| നീക്കിയിരിപ്പ് | 1,23,11,671/- രൂപ |

ധനകാര്യസ്ഥിരം സമിതിയുടെ 10.3.2022 ലെ (1)-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ 16.3.2022 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്കരിച്ച ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

2021-22 ലെ പുതുക്കിയ ബജറ്റ് പ്രകാരം വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,20,04,671/- രൂപ |
| വരവ് | 29,43,42,689/- രൂപ |
| ആകെ | 30,63,47,360/- രൂപ |
| ചെലവ് | 29,31,92,771/- രൂപ |
| നീക്കിയിരിപ്പ് | 1,31,54,589/- രൂപ |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 08.08.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന് മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ 430100101- Opening Stock-Stores, 430100101-Closing Stock-Stores എന്നീ ഹെഡ്ഡുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുകയായ 18618052.60 ഉം ലഡ്ജർ ട്രയൽ ബാലൻസിൽ 310900101-Excess Of Income Over Expenditure തുകയായ 15821651.60ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. 2021-22 വർഷത്തെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 320100999 | Other Liabilities | 192741 |
| 320300103 | Grants,funds&contributions For Specific Purposes -Other Govt. Agencies-total Sanitation | 3796042 |
| 320700404 | Specific Purposes-block Panchayath | 600000 |
| 320300199 | Specific Purposes-other Govt. Agencies | 395963 |
| 320200399 | Specific Purposes-state Sponsored Schemes | 300000 |

വിനിയോഗിക്കാത്ത തുക തിരികെ അതാത് ഉറവിടത്തിലേക്ക് അടക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല.

6. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്കുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുനിസിപ്പൽ കോർപറേഷനിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്കുകൾക്ക് മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 320700204 | Joint Venture-Block Panchayaths | 2483208 |
| 320700205 | Joint Venture-District Panchayaths | 1392521 |
| 320700202 | Joint Venture-municipal Corporations | 4200000 |

വിനിയോഗിക്കാത്ത തുക തിരികെ അതാത് സ്ഥാപനത്തിലേക്ക് അടക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാർക്കുള്ള വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രകാരമുള്ള മാർച്ച് 2022 ലെ ചെലവുകൾക്ക് ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ ലൈബ്രറി സെസ്സ് ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 350300101 | Govt And Other Dues Payable-library Cess | 351578 |

9. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500201 | Deposit With Kerala Water Authority | 8748977 |
| 460500202 | Deposit With KSEB | 2991739 |
| 460500204 | Deposit With Ground Water Department | 130558 |
| 460500501 | Advance To Implementing Officers | 1155771 |
| 460509901 | Advance To Others | 1343209 |

10)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഇനം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | Grant Statement | 17614666 | 16647164 | 967502 |
| | ACR | 17614666 | 15134146 | 2480520 |
| | AFS | 14826497 | 14826497 | 0 |
| വികസനഫണ്ട് (എസ്.സി.പി) | Grant Statement | 10012667 | 12042501 | -2029834 |
| | ACR | 10012667 | 11925168 | -1912501 |
| | AFS | 11925168 | 11925168 | 0 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (CFC Tied Grant) | Grant Statement | 10503266 | 2519642 | 7983624 |
| | ACR | 10503266 | 2519642 | 7983624 |
| | AFS | 6981910 | 2519642 | 4462268 |
| വികസനഫണ്ട് (CFC Untied Basic Grant) | Grant Statement | 5388236 | 4070341 | 1317895 |
| | ACR | 5388236 | 4070341 | 1317895 |
| | AFS | 4752504 | 4070341 | 682163 |
| മെയിന്റനൻസ് ഫണ്ട്(Road) | Grant Statement | 22836000 | 15024941 | 7811059 |
| | ACR | 22836000 | 16085261 | 6750739 |
| | AFS | 15024941 | 15024941 | 0 |

വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

11)ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ Liability In Respect Of Stale Cheques ശീർഷകത്തിൽ 156078 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

12)Indian Overseas Bank(A/C NO:78001000008798) Bank Reconciliation Statement ൽ Cheque Deposited But Not Cleared ആയി 362839 രൂപ രേഖപ്പെടുത്തിയിരിക്കുന്നു.ഇവയിൽ പ്രസ്തുത ചെക്കുകൾ വഴി പണമായി വന്ന തുകയുടെ വിവരവും ഇതുവരെ പണമാകാത്ത ചെക്കുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്.

13)സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

മേൽ സൂചിപ്പിച്ച വിഷയങ്ങളിന്മേലുള്ള വിവരങ്ങളും അതോടൊപ്പം അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 /23.02.2023)സാങ്കേതികമായി വന്നിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതാണെന്നും ILGMS-ൽ ആവശ്യമായ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കുടിശ്ശിക, നീക്കിയിരിപ്പ് തുക എന്നിവ ക്രമീകരിക്കുന്നതാണെന്നും മറ്റ് അപാകങ്ങൾ പരിഹരിച്ച് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | ഇനം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | Grant Statement | 17614666 | 16647164 | 967502 |
| വികസനഫണ്ട് (എസ്.സി.പി) | Grant Statement | 10012667 | 12042501 | -2029834 |
| വികസനഫണ്ട് (CFC Tied Grant) | Grant Statement | 10503266 | 2519642 | 7983624 |
| വികസനഫണ്ട് (CFC Untied Basic Grant) | Grant Statement | 5388236 | 4070341 | 1317895 |
| മെയിന്റനൻസ് ഫണ്ട്(Road) | Grant Statement | 22836000 | 15024941 | 7811059 |
| മെയിന്റനൻസ് ഫണ്ട്(Non Road) | Grant Statement | 9031715 | 5940302 | 3091413 |

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4975116 | | 0 | | 600000 | | 0 | | 400000 | |
| | ചെലവ് | 4822880 | 96.94 | 0 | 0 | 558189 | 93.03 | 0 | 0 | 399990 | 99.99 |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 16253299 | | | | 11712866 | | | | 7241715 | |
| | ചെലവ് | 11424284 | 70.29 | | | 1961453 | 16.75 | | | 5384239 | 74.35 |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 1034254 | | | | 4643010 | | 21692000 | | 2425000 | |
| | ചെലവ് | 400000 | 38.67 | | | 4070341 | 87.66 | 13966224 | 64.38 | 156073 | 6.44 |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | | | 16882006 | | | | | | | |
| | ചെലവ് | | | 11027819 | 65.32 | | | | | | |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | | | 1867364 | | | | | | 1144000 | |
| | ചെലവ് | | | 1014682 | 54.34 | | | | | 1058717 | 92.55 |
| | | | | | | | | | | | |
| | | | | | | | | | | | |

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് ജനറൽ 38%, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 6.44% , പൊതുവിഭാഗം സേവന മേഖലയിൽ ധനകാര്യകമ്മിഷൻ ഗ്രാന്റ് 16.75%, പട്ടികജാതി വിഭാഗം പശ്ചാത്തല മേഖലയിൽ വികസനഫണ്ട് SCP 54.3% എന്നിങ്ങനെയുമാണ്, ചെലവഴിച്ചിട്ടുള്ളത്. ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തി ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. മറ്റ് ദുർബല വിഭാഗങ്ങൾ, യുവജന വികസനം എന്നിവയ്ക്ക് തുക ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3392740 | 3341140 | 98.48 |
| കട്ടികൾ | 500000 | 199986 | 39.99 |
| വൃദ്ധർ | 1910959 | 1653901 | 86.55 |
| ഭിന്നശേഷിയുള്ളവർ | 910100 | 678690 | 74.57 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 347680 | 247680 | 71.24 |
| പാലിയേറ്റീവ് കെയർ രോഗികൾ | 0 | 0 | 0 |
| യുവജന വികസനം | 600000 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കണവാടി പോഷകാഹാര വിതരണം | 3000000 | 2998343 | 99.94 |
| 2 | എസ് എസ് എ | 238700 | 238700 | 100 |
| 3 | പാലിയേറ്റീവ് കെയർ | 1500000 | 1500000 | 100 |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 1368250 | 1368250 | 100 |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 700000 | 700000 | 100 |
| 6. | ആശ്രയ പ്രോജക്ട് | 100000 | 0 | 0 |
| 7 | ഐ കെ എം വിഹിതം | 200000 | 200000 | 100 |

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 903400 | 5 | 903400 | - | 0 | 100 |
| 2 | വെറ്റിനറി | 4 | 6092000 | 4 | 3794390 | - | | 100 |
| 3 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 6 | 4915000 | 6 | 4602300 | - | - | 100 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1000000 | 1 | 1000000 | - | - | 100 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 125000 | 1 | 125000 | - | - | 100 |
| 6 | വി.ഇ.ഒ.1 | 21 | 39770651 | 13 | 12577455 | - | 7 | 65 |
| 7 | വി.ഇ.ഒ.2 | - | - | -- | - | - | - | - |
| 8 | ഐ.സി.ഡി.എസ് | 9 | 8879559 | 7 | 8131581 | - | 2 | 77.77 |
| 9 | സെക്രട്ടറി | 33 | 17895418 | 23 | 12503436 | - | 10 | 69.69 |
| 10 | ഹെഡ്മാസ്റ്റർ | 4 | 1613915 | 4 | 1508599 | - | - | 100 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 42702119 | 45 | 21510969 | - | 23 | 66.17 |
| 12 | ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2100000 | 2 | 1750544 | - | - | 100 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 2578650 | 4 | 1398248 | - | 3 | 57.14 |
| 14 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 85636 | 1 | 10240 | - | - | 100 |
| ആകെ | | 162 | 128661378 | 116 | 69816162 | | 45 | |

വി.ഇ.ഒ, സെക്രട്ടിറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ, അംഗീകാരം ലഭ്യമായതിൽ 70%-ൽ കുറവ് പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ലഭ്യമാകുന്ന പദ്ധതി തുക പാഴാകാതെ മുന്നൊരുക്കങ്ങൾ കൃത്യമായി നടത്തി പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,280/- | 3 |
| കർഷകതൊഴിലാളി പെൻഷൻ | 72,60,900/- | 413 |
| വിധവാ പെൻഷൻ | 3,17,27,000/- | 2122 |
| വാർദ്ധക്യകാല പെൻഷൻ | 5,80,32,900/- | 3671 |
| വികലാംഗ പെൻഷൻ | 82,60,000/- | 524 |
| വിവാഹ ധനസഹായം | 1,20,000/- | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,64,000 | 58 |

### 1-5-1 മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നല്കുന്നു

ധനകാര്യ (എസ്.എഫ്.സി.സെൽ-ബി) യിൽ നിന്നുള്ള 23.9.2020 ലെ സ.ഉ.(എം.എസ്)97/2020/ധന. നമ്പർ ഉത്തരവ് പ്രകാരം സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ് എന്ന് മേൽ സർക്കുലർ സി(12) ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ മേൽവിലാസവും, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനവും പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി അറിയാൻ കഴിഞ്ഞു.

| ക്രമ നം. | പേര് | ഇനം | ആധാർ നം. | മരണപ്പെട്ട തീയതി | അധികം നൽകിയത് | തുക |
|---|---|---|---|---|---|---|
| 1 | സത്യശീലൻ ചെട്ടിയാർ | വാർദ്ധക്യകാല പെൻഷൻ | 49488128077 | 29.11.21 | 12/21 To 11/22 | 1600x12 = 19200 |
| 2 | വനവല്ലി | വാർദ്ധക്യകാല പെൻഷൻ | 250731614794 | 14.10.21 | 11/21 To 12/22 | 1600x14 = 22400 |
| 3 | ശാന്തമ്മ.ജെ | വിധവ പെൻഷൻ | 839336250522 | 1.5.21 | 6/21 To 12/22 | 1600x19 = 30400 |
| 4 | രാജൻ | വാർദ്ധക്യകാല പെൻഷൻ | 312395671244 | 16.4.21 | 5/21 To 12/22 | 1600x20 = 32000 |
| 5 | അപ്പുക്കുട്ടൻ ആശാരി എൻ | വാർദ്ധക്യകാല പെൻഷൻ | 442056598727 | 22.6.21 | 7/21 To 12/22 | 1600x18 = 28800 |
| 6 | വിശ്വനാഥൻ.എൽ | വാർദ്ധക്യകാല പെൻഷൻ | 441839329198 | 28.6.21 | 7/21 To 12/22 | 1600x18 = 28800 |
| 7 | ഭാസ്കരൻനായർ.എൻ | വാർദ്ധക്യകാല പെൻഷൻ | 957261870091 | 29.7.21 | 8/21 To 12/22 | 1600x17 = 27200 |
| 8 | ശ്രീധരൻ പിള്ള .എ | വാർദ്ധക്യകാല പെൻഷൻ | 389073269682 | 10.8.21 | 9/21 To 12/22 | 1600x14 = 22400 |
| 9 | മുഹമ്മദ് ഹനീഫ.ഇ | വാർദ്ധക്യകാല പെൻഷൻ | 794958695007 | 3.10.21 | 11/21 To 12/22 | 1600x14 = 22400 |
| 10 | എൻ. രാജൻ | വാർദ്ധക്യകാല പെൻഷൻ | 622280886205 | 4.12.21 | 1/22 To 12/22 | 1600x12 = 19200 |
| | | ആകെ | | | | **2,52,800/-** |

പെൻഷൻ ലഭിച്ച് കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നവ പരിശോധിച്ച് റദ്ദ് ചെയ്തിട്ടുള്ളതായും അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ടി തുക തിരിച്ചടവാക്കി രസീത് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

സേവന സോഫ്റ്റ്വെയർ പ്രകാരം പെൻഷണറുടെ അക്കൗണ്ടിൽ മരണശേഷവും തുക നിക്ഷേപിച്ചിട്ടുണ്ട്. പെൻഷൻ പിൻവലിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. ഇപ്രകാരം അർഹരല്ലാത്തവർക്കും പെൻഷൻ നൽകുന്നതുമൂലം സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. ആയതിനാൽ മരണപ്പെട്ട മുഴവൻ വ്യക്തികളുടെയും ക്ഷേമ പെൻഷൻ സസ്പെന്റ് ചെയ്യാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2023, 2.10 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3540രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-5-22 | 6/21 മുതൽ 3/22 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-5-18 | 2013-14മുതൽ 2017-18 വരെ | 28-6-18 |

## 1-8 തൊഴിലുറപ്പ് പദ്ധതികൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 849230 | 849230 | 849230 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 60244000 | 60244000 | 60244000 | 0 |
| ആകെ | 0 | 61093230 | 61093230 | 61093230 | 0 |

MNREGS വരവ് ചെലവ് നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. B4 ഷെഡ്യൂളിൽ 8,49,230/- രൂപ ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്. റസീപ്റ്റ് & പെയ്മെന്റ് ഷെഡ്യൂളിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫിസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3) ഗ്രാമ പഞ്ചായത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

4) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്

5) ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 28.02.2022വരെയാണ്. ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.ആയതു പ്രകാരം -

എ)തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുന്നുണ്ട്

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്.

സി) ഏഴ ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുന്നുമുണ്ട്.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേയ്ക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നുണ്ട്.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ വിവിധ ഫാറങ്ങളും അപേക്ഷകളും സൗജന്യമായി ഫ്രണ്ട് ഓഫീസിലൂടെ നൽകി വരുന്നുണ്ട്.

എഫ് ) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

ജി) ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിന് വൈസ് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

8) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

9) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

10) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10- തൊഴിൽ നികുതി-സ്ഥാപന രജി സ്റ്റർ -പൂർണ്ണമല്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ഐ) പ്രകാരം, തൊഴിൽ നികുതി നിലവിലുള്ളതും പുതുതായി നിലവിൽ വന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മുദാക്കൽ പഞ്ചായത്തിനടുത്തുള്ള വാളക്കാട് ജംഗ്ഷന് സമീപം സ്ഥിതി ചെയ്യുന്ന ,താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ,തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

1.മുദാക്കൽ റസിഡന്റ്സ് സഹകരണ സംഘം

2.അറബിക് കോളജ്

3. ബാഡ്മിന്റൺ ക്ലബ്.

4.അമ്പാടി ഫിനാൻസിയേഴ്സ്

5.A&P ഫിനാൻസിയേഴ്സ്

6.തിരുവോണംഫിനാൻസിയേഴ്സ്

മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും,ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറ്റു വാർഡുകളിലും സമാന രീതിയിൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-10-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ആകെ 29കരാറുകാർ പങ്കെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.14 ന് മറുപടി ലഭ്യമാക്കിയ കരാറുകാർ തൊഴിൽ നികുതി അയടക്കുകയോ,മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ

നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10-2 ഹാളുകൾ-ഓഡിറ്റോറിയങ്ങൾ-സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹങ്ങൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1.തീപ്പെട്ടിയിൽ ദേവീക്ഷേത്രം ഓഡിറ്റോറിയം

2.അയിലം ശിവക്ഷേത്രംഓഡിറ്റോറിയം

3.ഇളമ്പ ഏറത്ത് പള്ളിയറ ഭഗവതി ക്ഷേത്രം ഓഡിറ്റോറിയം

4.സായി ഗണേഷ് ഹാൾ

5.പള്ളിയറ സദ്യാലയം

6.ഭൂതത്താൻകാവ് സദ്യാലയം

എന്നാൽ ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല.ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക്സ്ഥാപന തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെ ട്ട് നോട്ടീസ് നൽകിയതായി പറയുന്നു.ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11 മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല - അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | S0027/22 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യിലേയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 12,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 12,00, 000/- രൂപ<br>(ബിൽ നം. 4/25.5.2021 – 2,29,007/-<br>നം. 14/21.6.2021 – 3,30,071/-<br>നം. 43/18.8.21 – 3,42,222/-<br>നം. 178/10.12.2021 – 54,898/-<br>നം. 201/3.1.2022 – 1,86,830/-<br>നം. 224/17.1.2022 – 56,972/-) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ മേൽ പദ്ധതിയ്ക്ക് ബിൽ നം. 43/18.8.2021 പ്രകാരം 3,42,222/- രൂപയും, ബിൽ നം. 14/21.6.2021 പ്രകാരം 3,30,071/- രൂപയും മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയിരുന്നു. എന്നാൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിരുന്ന 3,42,222/- രൂപയിൽ 2,96,199/- രൂപയുടെയും, (ഇൻവോയ്സ് നം. 7087/7.10.21 54434, 741/20.10.21 15032, 7705/20.10.21 17449, 9694/6.12.21 54564, 11300/12.1.22 33077, 11296/12.1.22 85052, 1885/11.5.22 5895, 4857/22.6.22 14431, 7220/29.7.22 16235/-), 3,30,071/- രൂപയിൽ 3,23,144/- രൂപയുടെയും (ഇൻവോയ്സ് നം.5788/8.9.21 88055, 5789/8.9.21 48987, 10604/29.12.21 80593, 10790/3.1.22 34033, 12146/1.2.22 24170, 12648/9.2.22 1981, 1872/11.5.22 27090, 1191/26.4.22 8508, 19872/13.12.22 9727/-) മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 46,023/- രൂപ, 6,927/-രൂപയുടെയും മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ കത്തുകൾ അയയ്ക്കുകയും ഫോൺ മുഖേനയും അറിയിച്ചിട്ടുള്ളതായും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 22 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-12 തെരുവ് വിളക്കുകളുടെ പരിപാലനം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 41 |
| പ്രോജക്ടിന്റെ പേര് | ഇലക്ട്രീഷ്യന്റെ ശമ്പളം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 3,00,000/-രൂപ(തനത് ഫണ്ട്) |
| ചെലവ് | 3,00,000/-രൂപ(തനത് ഫണ്ട്) |
| ബിൽ നം. | 385/27.3.22, 69/24.9.2021 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)മേൽ പ്രോജക്ടിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ജനറൽ കമ്മിറ്റിയുടെ 12/7/18 ലെ4(1) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പോസ്റ്റ് റിപ്പയറിംഗിന് 75 രൂപ നിരക്കിൽ ശ്രീ.സുനിൽകുമാർ, വാസുദേവപുരം എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടു. തുടർന്ന് 2019-20 ,2020-21 ,2021-22 വർഷങ്ങളിൽ കരാർ പുതുക്കി ടിയാനെ തന്നെ നിയമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. PWD മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തൻവർഷം ടെണ്ടർ നടപടി സ്വീകരിച്ചാൽ മറ്റാരും തന്നെ മേല്പറഞ്ഞ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ സാധ്യതയില്ല എന്നും, ടിയാനെക്കാൾ ഭംഗിയായി പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യതയില്ല എന്നും ഉള്ള നിഗമനത്തിൽ ജനറൽ കമ്മിറ്റി എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമല്ല. അതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ തുടർച്ചയായി നാലാം വർഷവും ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. ശ്രീ. സുനിൽ കുമാർ എന്ന കരാറുകാരനാണ് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4) 07.11.2017 ലെ സർക്കാർ സർക്കുലർ നം.177/ഡി.എ3/2016 തസ്വഭവ, ക്രമ നം. 4 പ്രകാരം കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുമായി ധാരണ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷ്വറൻസ് രേഖയും ഹാജരാക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതി ഫയലിനോടൊപ്പം ഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5.കരാറുകാരനുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഒപ്പിട്ട ഒരു മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.
6.കരാറുകാരനിൽ നിന്ന് സെക്യൂരിറ്റി ഡേപ്പോസിറ്റ്,റീടെൻഷൻ എന്നിവ ഈടാക്കിയിട്ടില്ല.

ടി രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 9) മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011/തസ്വഭവ, 29.05.2018 ലെ 269/ഡി.എ3/2018/തസ്വഭവ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വക്കീൽ ഫീസ്-ആദായ നികുതി ഈടാക്കിയില്ല.

2021-22വർഷം അഡ്വ. ശശീത് പണിക്കർ എന്നയാൾക്ക് വിവിധ കേസുകളിന്മേലുള്ള വക്കീൽ ഫീസായി ആകെ 45,000/- രൂപ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നല്കിയ തുക(രൂ) | വൌച്ചർ നം, തീയതി. |
|---|---|---|
| 1 | 15000 | 22100441/28-9-21 |
| 2 | 15000 | 22100470/30-9-21 |

| | | |
|---|---|---|
| 3 | 15000 | 22100471/30-9-21 |

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം, 30,000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസായി നൽകുന്ന വേളയിൽ നിശ്ചിത നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. ഇവിടെ ടി നിയമം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നം.4ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ടിയാനിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേലിൽ ആദായ നികുതി നിയമം അനുസരിച്ച് ടി.ഡി.സ് ഈടാക്കിയ ശേഷം മാത്രം ഫീസ് നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല,

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം -3 ന് ലഭ്യമായ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വാർഡ് | വർഷം | കൈപ്പറ്റിയ തുക (രൂപ) | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ] ജനാർദ്ദനൻ.ബി | 2018-19 | 40000 | മരണപ്പെട്ടു.അനന്തരാവകാശികൾക്ക്നോട്ടീസ് നൽകി |
| 2. | സതി. | 2018-19 | 200000 | നോട്ടീസ് നൽകി,പണി പുനരാരംഭിച്ചു. |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാ/പൂർത്തിയാക്കിയിട്ടില്ല, എങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. കൂടാതെ KSEBപ്രവൃത്തികൾക്കായി KSEB യിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | 72, DPC മന്ദിരം-<br>ഗ്രാമ പഞ്ചായത്ത് വിഹിതം | DPC | 400000 | 140/25-11-21 |
| 2 | 85, തെരുവ് വിളക്ക് ലൈൻ നീട്ടൽ | KSEB | 2042431 | 402/31-3-22 |
| | | ആകെ | 2442431 | |

ടി പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കുന്നതാണ് എന്ന് സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം)അറിയിച്ചിട്ടുണ്ട്. 20.01.2018 -ലെ സ.ഉ (കൈ) നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3 (ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ (പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം, വിവിധ

പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

I)

| ക്രമ നം. | പ്രോജക്ട് നം. പേര് | വിതരണ സ്ഥാപനം | തുക(രൂ) | നിർവ്വഹണ ഉദ്യോഗസ്ഥ | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | 92, സമ്പൂർണ്ണ ശുചിത്വം | ശ്രീകൃഷ്ണാ ഏജൻസീസ് | 285620 | സെക്രട്ടറി | 405/31.3.2022 |
| 2 | 56,തെരുവുവിളക്ക് സാധനം വാങ്ങൽ | മാത്യുജോസഫ് & അസോസിയേറ്റ്സ് | 272377 | സെക്രട്ടറി | 278/19.2.2022 |

എന്നാൽ ടി സ്ഥാപനങ്ങൾക്ക് നൽകിയ ബിൽ തുകയുടെ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.10 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ വാങ്ങലുകൾ നടത്തുമ്പോൾ മേല്പറഞ്ഞ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വെള്ളക്കരം-ജനറൽ കമ്മിറ്റി തീരുമാനത്തിൽ തുടർനടപടി സ്വീകരിക്കണം

2021-22 വർഷം ഗ്രാമപഞ്ചായത്ത് പ്രതിമാസം 1,42,419/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 310 ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം പ്രസ്തുത തുക നല്കി വന്നത്. എന്നാൽ KWA-യുടെ പ്രതിമാസ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. KWA കൃത്യമായി ബില്ലുകൾ ലഭ്യമാക്കാത്തതുകൊണ്ടാണ് ഈ വിധം കുടിശ്ശിക, ഫൈൻ എന്നിവ വരുന്നതെന്ന് ജനറൽ കമ്മിറ്റിയുടെ 28/3/22 ലെ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജലജീവൻമിഷൻ പദ്ധതിയിലൂടെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ, പൊതുടാപ്പുകൾ ഒഴിവാക്കാൻ KWA-യോട് അഭ്യർത്ഥിക്കാനും ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതായും, ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക്, ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം.11ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 40 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/24.02.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | എണ്ണം | സെന്റർ നമ്പർ |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 7 | 33,44,46,49,51,57,68 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 | 33,44,46,49,51,57,68 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | 33 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 8 | 42 ,44,45,46,49,51,57,68 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 40 | എല്ലാ അംഗൻവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 1 | 34 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 2 | 32,59 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 3 | 44,51,57 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 40 | എല്ലാ അംഗൻവാടികളും |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 35 | |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | ഇല്ല | ഇല്ല |
| 13 | വൈദ്യുതി ഇല്ലാത്തവ | ഇല്ല | ഇല്ല |
| 14 | Baby Weighing Machine/salter Scale/platform Weighing Scale ഇല്ലാത്തവ | ഇല്ല | ഇല്ല |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 40 | എല്ലാ അംഗൻവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 40 | എല്ലാ അംഗൻവാടികളും |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | ഇല്ല | ഇല്ല |

| | | | |
|---|---|---|---|
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | ഇല്ല | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 40 | എല്ലാ അംഗൻവാടികളും |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | ഇല്ല | ഇല്ല |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | ഇല്ല | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 40 | എല്ലാ അംഗൻവാടികളും |

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. അങ്കണവാടി തലത്തിൽ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ടെന്നും മുന്നോട്ടുള്ള പ്രവർത്തനത്തിൽ ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതാണെന്നും 2022- 23 വർഷം പ്രസ്തുത കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതും ആയതു വഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുമാണ്.

## 1-19 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ -438686/-രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ മുഖേന വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതികളുടെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

പ്രോജക്ട് നമ്പർ 24/2022

അടങ്കൽ തുക 200000

ചെലവു തുക 199986

ഫണ്ടിനം വികസന ഫണ്ട്(SCP)

ബിൽ നമ്പർ 02/20-02-2022

ഗവ.എൽ.പി.എസ് ചെമ്പൂർ, ഗവ. എൽ.പി.എസ് ഇടയ്ക്കോട്, ഗവ.എൽ.പി.എസ് ഇളമ്പ, ഗവ.എൽ.പി.എസ് മുദാക്കൽ, ഗവ.ജി.എച്ച്.എസ്.എസ് അവനവൻചേരി, ഗവ.എച്ച്.എസ്.എസ് അയിലം എന്നീ സ്കൂളുകളിലെ 40 പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുള്ളത്. പഠനോപകരണം എന്ന നിലയിൽ ARTCo-Ltd ൽ നിന്നും 4237/- രൂപ വിലയുള്ള മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ലാ എന്നതിന്റെയും, ആനുകൂല്യം ലഭ്യമായ വിദ്യാർത്ഥികൾ പഞ്ചായത്തിലെ താമസക്കാരനാണെന്നും തെളിയിക്കുന്ന രേഖകളോ, അപേക്ഷാഫാറങ്ങളോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആകയാൽ ഈ രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 199986/- രൂപ തടസ്സപ്പെടുത്തുന്നു.

2) ഹൈടെക് ക്ലാസ് റൂം

പ്രോജക്ട് നമ്പർ 58/2022

അടങ്കൽ തുക 1145215

ചെലവു തുക 1039913

ഫണ്ടിനം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

പഞ്ചായത്തു പ്രദേശത്തെ നാലു സ്കൂളുകളിലെ പതിനൊന്നു ക്ലാസ് റൂമുകൾ ഹൈടെക് ക്ലാസ്സുകളാക്കി മാറ്റുന്നതാണ് പദ്ധതി. Government E Marketplace Portal വഴിയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്

| Item | Quantity | Cost |
|---|---|---|
| Projector | 11 | 3,86,089 |
| Laptop | 11 | 4,99,840 |
| Writing Board & Other Equipment | -- | 1,53,984 |

KM Technology ആണ് മേൽ സാധനങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ ഈ സാധനങ്ങൾ സ്കൂളുകൾക്ക് കൈമാറിയതിന്റെയും, സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിലേക്കായി രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

3) എസ്.എസ്.എ വിഹിതം നൽകൽ

പ്രോജക്ട് നമ്പർ 23/2022

അടങ്കൽ തുക 238700

ചെലവു തുക 238700

ഫണ്ടിനം വികസനഫണ്ട്

ചെലവാക്കിയ തുക സമഗ്രശിക്ഷ കേരളയുടെ സംസ്ഥാന പ്രോജക്ട് ഡയരക്ടറുടെ 081910110432 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് 20/01/2022 ൽ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക കൈമാറുന്നതിനായുള്ള ഡിമാന്റ് നോട്ടീസും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല. ആകയാൽ ചെലവു തുകയായ 238700/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ 68 മരാമത്ത് പ്രവൃത്തികളാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 31 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ്. സ്പിൽ ഓവർ പദ്ധതികളിൽ 10 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 42702119/- രൂപ അടങ്കലായി മാറ്റി വച്ചെങ്കിലും 21510969/- രൂപ (50.38%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

- നടപ്പിലാക്കാത്ത സ്പിൽ ഓവർ പദ്ധതികളിൽ ടേക്ക് എ ബ്രേക്ക് ശൗചാലയ നിർമ്മാണം (119/22), അംഗനവാടികളിൽ ടോയ്ലെറ്റ് നിർമ്മാണം (120/22) എന്നിവ ഉൾപ്പെടുന്നു.
- പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായിട്ടാണ് വികസനഫണ്ടിൽ പ്രത്യേക ഘടക പദ്ധതി വിഹിതം നീക്കിവച്ചിട്ടുള്ളത്. നീക്കി വച്ചിരുന്ന തുകയിലെ 54% തുക മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്.
- ബഡ്സ് സ്കൂൾ നിർമ്മാണത്തിന് ലഭ്യമായ ജില്ലാപഞ്ചായത്ത് വിഹിതമായ 200000/- രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല.

മേൽ സൂചിക്കപ്പെട്ടവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 ന് ലഭ്യമാക്കിയ മറുപടിയിൽ ടേക്ക് എ ബ്രേക്ക് ശൗചാലയ നിർമ്മാണത്തിന് മുന്നോടിയായി മരം മുറിക്കുന്നതിന് വനംവകുപ്പിൽ നിന്ന് അനുമതി ലഭ്യമാകാത്തത് കാരണമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് എന്നാണ്.അംഗനവാടികളിലെ ടോയ്ലെറ്റ് നിർമ്മാണം ഏറ്റെടുത്ത കോൺട്രാക്ടർ വർക്ക് ചെയ്യാൻ തയ്യാറായിട്ടില്ല എന്നാണ്. ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പദ്ധതിയിൽ കളിയുപകരണങ്ങൾ വാങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും, നിർമ്മാണ പ്രവൃത്തി അല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

വ്യക്തമായ സ്ഥലപരിശോധന നടക്കാത്തതും പ്രവൃത്തി നടപ്പിലാക്കാത്ത കോൺട്രാക്ടർക്ക് മേലുള്ള നടപടി സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കാത്തതും പദ്ധതി സ്വഭാവം മനസിലാക്കി നിർവ്വഹണ ഉദ്യോഗസ്ഥനെ തെരഞ്ഞെടുക്കാത്തതും പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് തടസമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനങ്ങൾ നിറവേറ്റുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രധാന പങ്കാണുള്ളത്. എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾ കാരണം വലിയൊരു തുക നഷ്ടപ്പെട്ടുപോകുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3083208 | 2095843 | സമഗ്ര നെൽകൃഷി വികസനം ഒന്നാം വിള | 127500 | 3083208 |
| | | | ന്യൂ ലൈഫ് ജനറൽ | 280000 | |
| | | | ന്യൂ ലൈഫ് (SCP) | 640000 | |
| | | | അംഗൻവാടി പൂരക പോഷകാഹാരം | 75000 | |
| | | | സ്നേഹസ്പർശം | 619875 | |
| | | | ക്ഷീര സമൃദ്ധി (ജനറൽ) | 254298 | |
| | | | ക്ഷീര സമൃദ്ധി (വനിത) | 99170 | |
| ആകെ | 3083208 | | 2095843 | | 3083208 |
| ജില്ലാപഞ്ചായത്ത് | 1392521 | 967788 | സ്നേഹ സ്പർശം | 270712 | 1392521 |
| | | | ക്ഷീര സമൃദ്ധി (ജനറൽ) | 297076 | |
| | | | ക്ഷീര സമൃദ്ധി (വനിത) | 400000 | |
| ആകെ | 1392521 | | | 967788 | 1392521 |
| നഗരസഭ | 0 | 4200000 | - | - | 4200000 |
| ആകെ | | 4200000 | | | 4200000 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (പ്രോജക്ട് തുക) | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 2991739 | സ്ട്രീറ്റ് ലൈൻ മെയിൻ എക്സ്റ്റൻഷൻ | 2042431 | 2042431 | 2991739 |
| | | ഇൻസ്റ്റലേഷൻ ഓഫ് സ്ട്രീറ്റ് | 1048900 | 1048900 | |

| | | | | |
|---|---|---|---|---|
| | ലൈറ്റ് | | | |

മുന്നിരിപ്പ്/നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ ചെലവ് തുക മുൻകൂർ ഹെഡിന് പകരം ചെലവ് ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ലോൺ | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | | 16029719 | 7700000 | 15259719 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ്(രൂപ) | 30017687 |
| ഓഡിറ്റ് വർഷത്തെ വരവ്(രൂപ) | 104565842 |
| ഓഡിറ്റ് വർഷത്തെ ചെലവ്(രൂപ) | 93986012 |
| നീക്കിയിരിപ്പ്(രൂപ) | 40597517 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,38,686/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,38,686 | ശ്രീ.ഷാജഹാൻ.എൽ, ഹെഡ്മാസ്റ്റർ |
| ആകെ | 4,38,686 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജഹാൻ.എൽ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.U.P.S മുടപുരം | വിളയിൽ പുത്തൻ വീട്, അവനവഞ്ചേരി പി.ഒ, ആറ്റിങ്ങൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി12/1802/2022 തീയതി: 07/10/22 | 10 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി8/315/2019 തീയതി: 03/04/2019 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി8/1158/2019 തീയതി: 17/08/2019 | 43 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി10/1749/2021 തീയതി: 12/01/2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി10/107 /2022 തീയതി: ........ | 31 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്